## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1511

11.08.2017 ലെ മറുപടിക്ക്

### വീട്ടുകൾക്ക് നമ്പർ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.ടി.വി. ഇബ്രാഹിം** | **ശ്രീ.കെ.റ്റി.ജലീൽ**<br>(ബഹു: തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) അഞ്ച് സെന്റ് മാത്രം ഭൂമിയുള്ള വ്യക്തികൾ വയൽ പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് നമ്പർ നൽകുന്നതിനുദ്ദേശിക്കുന്നുണ്ടോ: ഇതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ: | (എ) 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഗ്രാമപഞ്ചായത്തു-കളിൽ 10 സെന്റും, മുൻസിപ്പാലിറ്റി/ കോർപ്പറേഷനിൽ 5 സെന്റും നെൽവയൽ. അപേക്ഷകന് വേറൊരിടത്തും വസ്തു ഇല്ലെങ്കിൽ വീട് വെയ്ക്കുന്നതിനു വേണ്ടി മാത്രം നികത്തുന്നതിന് ഫോറം നമ്പർ 1 ൽ പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ അപേക്ഷ നൽകുകയും സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാതല നിരീക്ഷണസമിതി അനുമതി നൽകുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) 2008 ലെ ഡാറ്റാ ബാങ്കിൽ കരഭാഗമായി തരം മാറ്റാത്ത ഭൂമിയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും വീടുകൾക്കും നമ്പർ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ; | (ബി) 16/11/2016 ലെ സ.ഉ (എം.എസ്) നം.170/2016/ തസ്വഭവ ഉത്തരവ് പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടുള്ള 1500 ചതുരശ്ര അടിവരെയുള്ള വാസഗൃഹങ്ങൾക്ക് താത്കാലിക നമ്പർ അനുവദിക്കുന്നുണ്ട്. |
| (സി) കഴിഞ്ഞസർക്കാരിന്റെ അവസാന വർഷത്തിൽ കരഭാഗമായി തരം മാറ്റുന്നതിനു വേണ്ടി പരിഗണിച്ച അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (സി) കഴിഞ്ഞ സർക്കാരിന്റെ അവസാന വർഷ കാലയളവിൽ റവന്യൂ റിക്കാർഡുകളിൽ നിലം ആയതും 2008 ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും വളരെ മുൻപേ തന്നെ നികത്തിയതുമായ ഭൂമിയുടെ അനധികൃത തരംമാറ്റം ക്രമവൽക്കരിക്കുന്നതിനായി 3 എ ഭേദഗതി പ്രകാരം 93088 അപേക്ഷകൾ ലഭിക്കുകയുണ്ടായി.വിവിധ ജില്ലകളിലായി ടി അപേക്ഷകളിൽ 56 എണ്ണം ക്രമവൽക്കരിച്ച് നല്കുകയുണ്ടായി. |
| (ഡി) ഇതിനു വേണ്ടി ഫീസിനത്തിൽ ലഭിച്ച തുക എത്രയെന്ന് അറിയിക്കുമോ? | (ഡി) ടി അപേക്ഷകളിൽ അപേക്ഷാഫീസായി 4,65,36,000/- രൂപയും റഗുലറൈസേഷൻ ഫീസായി 2,33,05,438/- രൂപയും ലഭിച്ചു. |

സെക്ഷൻ ഓഫീസർ